ശ്രീ. പി. പി. ഉമ്മർകോയ : ഗവണ്മെൻറിനു രണ്ടു് ഗസ്റ്റു ഹൗസുകളുണ്ടു്. അതിലൊന്നു് തിരുവനന്തപുരം ഗസ്റ്റുഹൗസും മറ്റൊന്നു് എറണാകുളം ഗസ്റ്റുഹൗസുമാണു്. ഗസ്റ്റു ഹൗസുകളെ സംബന്ധിച്ചുള്ള ചോദ്യം ഇതിൽ വരാത്തതുകൊണ്ടാണു് പറയാത്തതു്. ടൂറിസ്റ്റു് ബംഗ്ലാവും, റസ്റ്റുഹൗസും മുതലായവയുടെവിവരമാണു് ചോദിച്ചിട്ടുള്ളതു്.

ശ്രീ. എൻ. എ സ്. കൃഷ്ണപിള്ള : ബഹുമാനപ്പെട്ട മന്ത്രി നാലുവിധത്തിൽപ്പെട്ട ടൂറിസ്റ്റു് ബംഗ്ലാവുകൾ ഉണ്ടെന്നു പറഞ്ഞു. ഈ നാലുവിഭാഗത്തിനും തമ്മിലുള്ള വ്യത്യാസം എന്താണെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : താമസസൗകര്യങ്ങളിലും, വാടകയിലും വ്യത്യാസമുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : മന്ത്രിപറഞ്ഞ മറുപടിയിൽനിന്നു ചീഫ് സെക്രട്ടറി ഗസ്റ്റു ഹൗസിലാണു് താമസിക്കുന്നതെന്നു മനസ്സിലായി. ഇപ്പോഴും അദ്ദേഹത്തെ ഗസ്റ്റായിട്ടാണോ പരിഗണിക്കുന്നതു് ?

ശ്രീ. പി. പി. ഉമ്മർകോയ : അദ്ദേഹം ഗസ്റ്റു ഹൗസിൽ താമസിക്കുന്നതു് പേയിംഗ് ഗസ്റ്റായിട്ടാണു്. സ്റ്റേറ്റു് ഗവണ്മെൻറു പ്രത്യേകമായി അനുവാദം നൽകുന്നവർ മാത്രമാണു് ഗസ്റ്റ്ഹൗസുകളിൽ താമസിക്കുന്നതു്. ഗവണ്മെൻറു് ഗസ്റ്റുകളായി സ്വീകരിക്കുന്നവരും അല്ലാത്തവരും അവിടെ താമസിക്കുന്നുണ്ടു്. ഗസ്റ്റുകളായി സ്വീകരിക്കാത്തവർ അവിടെ താമസിക്കുമ്പോൾ അവർ എല്ലാചെലവുകളും വഹിക്കണം. ചീഫ് സെക്രട്ടറി താമസത്തിനുള്ള എല്ലാ ചെലവുകളും സ്വന്തമായി വഹിക്കുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ടൂറിസ്റ്റുകേന്ദ്രങ്ങളിൽ സാധാരണക്കാരുടെ കുഴിവിനനുസരിച്ചു് ചുരുങ്ങിയ വാടകയ്ക്കുള്ള മുറികൾ കൊടുക്കുന്നതാണെന്നു് ഗവണ്മെൻറു് പറഞ്ഞിട്ടുണ്ടു്. ഏതു കേന്ദ്രങ്ങളിൽ ഇതുവരെയായി ഏതു ആളുകൾക്കു് ഇങ്ങനെയുള്ള സൗകര്യം ഏർപ്പാടുചെയ്തു കൊടുത്തിട്ടുണ്ടു് ?

ശ്രീ. പി. പി. ഉമ്മർകോയ : ടൂറിസ്റ്റു ബംഗ്ലാവുകളിൽ ക്ലാസ് 2—ഇൻസ്പെക്ഷൻ ബംഗ്ലാവു് എന്നു പറയുന്ന സ്ഥലങ്ങളിൽ വളരെ കുറഞ്ഞ നിരക്കിലാണു് വാടക നിശ്ചയിക്കുന്നതു്. പുതുതായി ആരംഭിച്ച തേക്കടി ആരണ്യനിവാസ് ക്ലാസ് 2—ൽ 24 മുറികൾ ഇങ്ങനെ കുറഞ്ഞ വാടകയ്ക്കു കൊടുക്കുന്നുണ്ടു്. 2 രൂപ മാത്രമാണു് ഒരാളിനു് ഒരു ദിവസം വാടക കൊടുക്കേണ്ടതു്. ഇതുപോലെ വേറെയും സ്ഥലങ്ങളിൽ ക്ലാസ് 2-ബംഗ്ലാവുകൾ സ്ഥാപിക്കുന്നതിനുള്ള ഉദ്ദേശമുണ്ടു്.

സി. ആർ. എഫ്—ൽപ്പെട്ട റോഡു്

* 607. [23] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ ഏതു റോഡുകൾ ഇപ്പോൾ സി. ആർ. എഫ്-ൽപ്പെട്ടതായിട്ടുണ്ടു് ;

(ബി) ഏതെല്ലാം ;

(സി) വൈക്കം—കോട്ടയം via കുമരകം റോഡു് സി. ആർ. എഫ്-ൽ പെടുത്തിയതെന്നാണു് ;

(ഡി) ഈ റോഡിൻെറ എന്തെല്ലാം പണികളാണു് ഇനിയും തീരാനുള്ളതു് ;

(ഈ) 1961—62, 62—63 വർഷങ്ങളിലും 1963-64—ൽ 1964 ഫെബ്രുവരി അവസാനംവരെയും ഈ റോഡിൻെറ പണികൾക്കായി എത്ര രൂപ്പികവീതം ചെലവഴിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത റോഡിന്റെ പണി ആരംഭിച്ചതെന്നാണ് ;

(ജി) മൂന്നാം പദ്ധതിക്കാലത്തുതന്നെ ഇതിന്റെ ശേഷിച്ച പണികളും പൂർത്തിയാക്കുമോ ;

(എച്ച്) ഈ റോഡിലുള്ള വല്ലയിൽ പാലം അപകടത്തിലായതുകൊണ്ട് ഉടനെ പുതുക്കിപ്പണിയുന്നതിനു് ദയവുണ്ടാകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) റോഡുകളെ സി. ആർ. എഫ്-ൽപ്പെട്ടവ എന്നു് തരംതിരിച്ചിട്ടില്ല. ചിലപണികളും സി. ആർ. എഫിൽനിന്നു ലഭിക്കുന്ന പണം വിനിയോഗിച്ചു നടത്തുന്നുണ്ട്.

(ബി) സി. ആർ. എഫ്.-ൽ പെടുത്തിയ പണികളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് *

(സി) ഈ സ്കീമിലെ ചില പണികളും 1958-ലും, 1960-ലും സി. ആർ. എഫ്-ൽ ഉൾപ്പെടുത്തി.

(ഡി) പള്ളിത്തോടുമുതൽ കൽച്ചിറവരെയുള്ള റോഡും എട്ടു പാലങ്ങളും ഇനിയും തീരാനുണ്ട്.

(ഈ) 1961-62-ൽ എൺപത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തഞ്ചു് ഉറുപ്പികയും, 1962-63-ൽ നാൽപ്പത്തി ഒൻപതിനായിരത്തിമുന്നൂറ്റി ഇരുപത്തി ഒൻപതുറുപ്പികയും 1961-64-ൽ ജനുവരി അവസാനംവരെ മുപ്പത്താറായിരത്തി എഴുന്നൂറ്റി പന്ത്രണ്ടു് ഉറുപ്പികയും ചെലവായി.

(എഫ്) 1957-ൽ.

(ജി) ആ കാര്യം ധനം ലഭ്യമാകുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

(എച്ച്) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് തയ്യാറായതിനുശേഷം ഈ കാര്യം പരിഗണിക്കുന്നതാണു്.

ശ്രീ. എൻ. ഈ. ബലറാം : ഈ റോഡുകളും സി. ആർ. എഫിൽപ്പെടുത്തിയതു് എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് ?

ശ്രീ. പി. പി. ഉമ്മർകോയ : സെൻട്രൽ റോഡു ഫണ്ടിൽനിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ടതായ തുകയാണിതു്. നമ്മുടെ സംസ്ഥാനത്തു് ചെലവഴിക്കുന്ന പെട്രോളിന്റെ മേൽ ചുമത്തിയിട്ടുള്ള അഡിഷനൽ എക്സൈസ് ഡ്യൂട്ടിയിൽനിന്നും നമുക്കു് ലഭിക്കുന്ന വിഹിതമാണു്. കൂടുതൽ മോട്ടാർ വാഹനങ്ങളും ഉപയോഗിക്കുന്ന കൂടുതൽ ഗതാഗതമുള്ള റോഡുകളുടെ ആവശ്യത്തിനാണു് ഈ പണം ഉപയോഗിക്കേണ്ടതു് എന്നുള്ള വ്യവസ്ഥയുണ്ടു്. അതനുസരിച്ചു് ഏതെല്ലാം റോഡുകളാണു് ഏറ്റെടുത്തു നടത്താൻ പോകുന്നതെന്നു ചോദിച്ചു് ഒരു ലിസ്റ്റ് ആവശ്യപ്പെട്ടു. റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടു് കേന്ദ്രഗവണ്മെൻറിലേക്കു് ലിസ്റ്റ് അയച്ചുകൊടുക്കും. ഇത്തരംലിസ്റ്റിൽനിന്നു് അവർ അംഗീകരിക്കുന്ന വർക്കിനുള്ള പണം ലഭിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സെൻട്രൽ റോഡു് ഫണ്ടിൽനിന്നും തരുന്ന പണംകൊണ്ടു് ചില വർക്കുകൾ പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്നറിയുന്നതു ശരിയാണോ ; ആണെങ്കിൽ സ്റ്റേറ്റു ഗവണ്മെൻറിന്റെ മറ്റു ഫണ്ടിൽനിന്നും എടുത്തു നടത്താൻ നടപടി എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അവർ ഈ ഫണ്ടിൽനിന്നു അനുവദിക്കുന്ന തുകമാത്രമേ ലഭിക്കുകയുള്ളു. ബഹുമാനപ്പെട്ട മെമ്പർ രാമകൃഷ്ണനു താൽപ്പര്യമുള്ള വർക്കിനു് അതിന്റെ മുഴുവൻ ആവശ്യത്തിനു് മതിയായിട്ടുള്ള തുക സെൻട്രൽ റോഡു് ഫണ്ടിൽനിന്നു് അലോട്ടു ചെയ്തു കിട്ടിയിട്ടില്ല. ഇങ്ങനെയുള്ള പണികളും സ്റ്റേറ്റു ഫണ്ടിൽനിന്നു് എടുത്തുനടത്തേണ്ടിവരും. അവരുടെ സാങ്ഷൻ കിട്ടി നടത്തിത്തുടങ്ങിയിട്ടുള്ള വർക്കുകൾക്കുതന്നെ ചിലപ്പോൾ അവർ അനുവദിച്ചിട്ടുള്ള തുകയിൽ കൂടുതൽ ചെലവു വരും. അങ്ങനെയുള്ള വർക്കുകൾക്കും ആവശ്യമായ പണം നമ്മുടെ സ്റ്റേറ്റു ഫണ്ടിൽനിന്നും എടുക്കേണ്ടതായി വരും.

* Appendix V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്ര റോഡുകൾ സെൻട്രൽ റോഡുഫണ്ടിൽ നിന്നു സഹായം കിട്ടുന്നതായിട്ടുണ്ട് ?

ശ്രീ. പി. പി. ഉമ്മർകോയ : അതിന്റെ ലിസ്റ്റാണ് മേശപ്പുറത്തു വച്ചിട്ടുള്ളത്. 40 റോഡുകൾക്ക് മൂന്നാം പദ്ധതിക്കാലത്തു് സെൻട്രൽ റോഡു ഫണ്ടിൽ നിന്നും ധനസഹായം കിട്ടുന്നതായിട്ടുണ്ടെന്നാണറിയുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നാഷനൽ ഹൈവേയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുമ്പ് തിരുവിതാംകൂറിന്റെ മദ്ധ്യഭാഗത്തുകൂടി തെക്കുനിന്നും വടക്കോട്ടു പോകുന്ന റോഡിനു് സെൻട്രൽ റോഡു് ഫണ്ടിൽനിന്നും പണം വിനിയോഗിച്ച് പ്രവൃത്തി നടത്തുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ സെൻട്രൽ റോഡു ഫണ്ടിന്റെ പണമുപയോഗിച്ച് ഈ മെയിൻ സെൻട്രൽ റോഡ് പൂർത്തിയാക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രധാനപ്പെട്ട റോഡുകൾ M C റോഡു പോലെയുള്ള സ്റ്റേറ്റു് ഹൈവേകൾ ഇങ്ങനെയുള്ളതിനു് ഈ ഫണ്ടുകൾ ഉപയോഗിച്ച് പണി ചെയ്തുവരുന്നുണ്ട്. M C റോഡിൽതന്നെ അങ്ങനെ കുറെ വർക്കുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ആന്ധ്രാ പ്രദേശത്തു് സുമാർ ഒരുകോടിയിലധികം ഉറുപ്പിക സെൻട്രൽ റോഡു് ഫണ്ടിൽനിന്നും ലഭിച്ചു എന്നും, എന്നാൽ കേരളത്തിനു താരതമ്യേന കുറച്ചു സംഖ്യമാത്രം ലഭിച്ചു എന്നും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഫണ്ടിലേക്കു് സ്റ്റേറ്റു് ഗവണ്മെന്റു് നൽകേണ്ടുന്ന സംഭാവന ഈ ഗവണ്മെന്റിനു് നൽകാൻ സാധിക്കാത്തതുകൊണ്ടാണോ ഇങ്ങനെ സ്റ്റേറ്റിന്റെ വിഹിതം കുറയാൻ ഇടയായിട്ടുള്ളതു് ?

ശ്രീ. പി. പി. ഉമ്മർകോയ : നമ്മുടെ സ്റ്റേറ്റു് അങ്ങോട്ടു് എന്തെങ്കിലും ഫണ്ടു കൊടുക്കുന്ന പ്രശ്നമില്ല. നമ്മുടെ സംസ്ഥാനത്തു ചെലവഴിക്കുന്ന പെട്രോളിന്റെമേൽ ചുമത്തിയിട്ടുള്ള അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ലഭിക്കുന്ന വിഹിതമാണു് കേന്ദ്രഗവണ്മെന്റു തരുന്നതു്. ആന്ധ്രയുമായി നമ്മുടെ സ്റ്റേറ്റിനെ താരതമ്യപ്പെടുത്താൻ സാദ്ധ്യമല്ല. നമ്മുടെ ഒരു കൊല്ലത്തെ ആവറേജു് ഏകദേശം 15 ലക്ഷം വരും. അതായതു് 5 കൊല്ലത്തേക്കു് 75 ലക്ഷത്തോളം വരും. ആന്ധ്രയ്ക്കു ഇത്രയും കൊടുത്തിട്ടുണ്ടെങ്കിൽ നമ്മുടെ വിഹിതവുമായി വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. കാരണം നമ്മുടേതു് ചെറിയ സംസ്ഥാനമാണല്ലോ.

WRITTEN ANSWERS

നിത്യോപയോഗസാധനങ്ങളുടെ വില

* 608. [16] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരി തുടങ്ങിയ നിത്യോപയോഗസാധനങ്ങളുടെ വില ഇടയ്ക്കിടെയായി ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ക്രമാതീതമായ വിലക്കയറ്റത്തെ തടയുന്നതിനു് ഫലപ്രദമായ വല്ല നടപടിയും നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see answer to starred question* 607 (23)]

List of Roads Financed from C. R. F.

1. Easing curve in M. C. Road 4/5 to 5/3 near Mar Ivanios College
2. Semigrouting Warkala Edava Road
3. Semigrouting Warkala Vilabhagam Road
4. Metalling Nedumangad Shorlacode Road
5. Shelcreting Q. S Road Miles 0/0 to 4/0
6. Semigrouting Kottarakkara Velinalloor Road
7. Semigrouting Kottarakkara Kunnathur Road-Kottarakkara Shastamcottah Road Miles 0/2 to 7/0
8. Raising the low portion of M. C Road Miles 81/4-5 to 82/0
9. Widening and special surfacing Thiruvalla Pulikeezhu Road Portion from M. G. M. H.S. Kavumbhagam junction.
10. Raising the low portions of the M.C. Road Miles 93/6 to 94/2
11. Widening and improving Kottayam Kumily Road
12. Piravom Ernakulam Road Metalling portion from Piravom to Chottanikkara
13. Semigrouting Peppathippara Road
14. Improvements to Alur Mala Road
15. Improvements to Parayankadavu Road
16. Improvements to Amballur Palappilly Road
17. Semigrouting Chalakudy Mala Road
18. Semigrouting Palayannur Road-Miles 6/5 to 11/1
19. Improvements to Calicut Balusseri Road-Miles 12/0 to 15/0
20. Easing curves in Miles 2+/6 and 7 of Q. S Road
21. Improvements to the balance portion of Ankamali Manjally Road
22. Improvements to Peermade Devicolam Road
23. Improvements to M.C. Road-Miles 11 and 12
24. Trivandrum Ponmudi Road-Miles 37 to 44
25. Extension of Thiruvalla Edathua Road to Ambalapuzha
26. Improving resurfacing Kayamkulam Punalur Road-Miles 4/0 to 10/2
27. Improving and special surfacing Manilala Ranni Road-Miles 0/0 to 8/0
28. Improving and metalling Vaikom Vechoor Road 2nd section
29. Approach Road to Enamavu Regulator cum bridge
30. Providing black top surfacing to Hosdurg Panathadi Road
31. Semigrouting T. S Road Miles 40 to 46
32. Constructing stabilised road from Sreenarayanapuram to Padinjare Vemballur and Tippu Sultan Road
33. Widening M.C. Road Miles 23 to 26/5
34. Shelcreting M.C. Road Miles 46/0 to 48/0 and 51/6 to 52/4
35. Semigrouting Parippally Madathara Road Miles 10/0 21/0
36. Widening and improving K.P. Road Miles 12/0 to 15/4
37. Widening and improving the road from Mamala to Piravom
38. Improvements to 8th Mile W.F. Road to Thomanimattom
39. Formation and improvements to the Road from Kunnamangalam Manjeri via Mannasseri Areacode
40. Improvements and metalling of Thonaikadavu Thrikkapuram Road Miles 0/5 to 2/4

LIBRARY ARCHIVES Kerala Legislative Assembly